കാണുന്നു. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ധാരാളം ബോട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനാൽ ബോട്ടുകളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച കൃത്യമായി കണക്ക് ലഭ്യമല്ല.

5 (2696) മൽസ്യ മേഖലയ്ക്ക് സമഗ്ര നിയമനിർമ്മാണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യ മേഖലയ്ക്ക് സമഗ്ര നിയമ നിർമ്മാണം ആവശ്യമാണ് എന്നുള്ള പഠന റിപ്പോർട്ട് സി.ഡി.എസ്സിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

6 (2697) അലങ്കാര മൽസ്യക്കൃഷിക്ക് പ്രോൽസാഹനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാരിന് എന്തെല്ലാം പരിപാടികളുണ്ട്;

(ബി) ഇത്തരം മൽസ്യക്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഗവൺമെന്റ് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കേരളത്തിന്റെ വടക്കൻ ജില്ലകളായ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ അലങ്കാരമൽസ്യങ്ങളെ വളർത്തുന്നതിനും, ഇതിനെ സംബന്ധിച്ച് ജനങ്ങളെ ബോധവന്മാരാക്കുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 18,66,200/- രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി ഫിഷറീസ് വകുപ്പും സി.എം.എഫ്.ആർ.ഐയും വഴി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ വിഹിതമായ 10.40 ലക്ഷം രൂപ സി.എം.എഫ്. ആർ.ഐയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പ് 25 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതാണ്.

മൽസ്യഫെഡ് 102.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു അലങ്കാര മൽസ്യക്കൃഷി വികസന പദ്ധതി കേന്ദ്ര മാനവശേഷി വികസന മന്ത്രാല

LIBRARY ARCHIVES Kerala Legislative Assembly

യത്തിന് സമർപ്പിക്കുകയും ഈ പദ്ധതിയിന്മേൽ 48 ലക്ഷം രൂപയുടെ അടങ്കൽ തുക ടി മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയുണ്ടായി. കൂടാതെ 48 ലക്ഷം രൂപയുടെ മറ്റൊരു പദ്ധതി ഐ. സി.എ.ആർ-നും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കും ഉടൻ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മൽസ്യഫെഡ് നടപ്പിലാക്കി വരുന്ന അലങ്കാര മൽസ്യകൃഷി പദ്ധതിപ്രകാരം മൽസ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വനിതാ മൽസ്യത്തൊഴിലാളി വികസനക്ഷേമ സംഘങ്ങളിലെ അർഹരായ അംഗങ്ങൾക്ക് അലങ്കാര മൽസ്യക്കൃഷിയിൽ സൗജന്യ പരിശീലനം നൽകി വരുന്നു. കൂടാതെ ചെറുകുളങ്ങളിൽ അഥവാ സിമന്റ് ടാങ്കുകളിൽ അലങ്കാര മൽസ്യകൃഷി നടത്തുവാൻ പരിശീലനം കഴിഞ്ഞ മൽസ്യത്തൊഴിലാളി വനിതകൾക്ക് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും നൽകുന്നതിനും ഉദ്ദേശമുണ്ട്.

7 (2698) മൽസ്യ സമ്പത്തിനെക്കുറിച്ച് സർവ്വേ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ തീരക്കടലിലും ആഴക്കടലിലുമുള്ള മൽസ്യ സമ്പത്തിനെക്കുറിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യയുടെ കൊച്ചി മേഖലാ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന മൽസ്യ പര്യവേഷണ കപ്പലുകൾ ഇതു സംബന്ധിച്ച് സർവ്വേ നടത്തിവരുന്നുണ്ട്. ടി സ്ഥാപനത്തിന്റെ 1996-97-ലെ റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി വച്ചിട്ടുണ്ട്.†

8 (2699) പീപ്പിൾസ് ഫിഷ് കൾച്ചർ പ്രോഗ്രാം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പീപ്പിൾസ് ഫിഷ് കൾച്ചർ പ്രോഗ്രാമിലൂടെ 1998-99 വർഷത്തിൽ എത്ര ടൺ മൽസ്യം കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യം ഇട്ടിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രടൺ മൽസ്യം കൂടുതലായി ഉൽപ്പാദിപ്പിച്ചു?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly